DR.ABDUL SAMAD T E, MS.ABHILASHA DAVIS, MRS.ABHIMOL ANTONY, MRS.ABHIRAMI DAVIS, MS.ACHAMMA CHERIYAN, MS.AGINA P D, MRS.AHANA P T, MS.AIMY M J, DR.AISWARYA JOY, MS.AISWARYA K R, DR.AJITH VINCENT THANDIAKKAL, MR.AKHIL ANANDHAN V, DR.AKHIL BABU C S, MR.AKHIL M SAJI, MR.AKHIL V VELLARATHIL, MRS.AKHILA JOSEPH, MRS.AKHILA N R, MRS.ALBY K PAUL, MS.ALEENA C A, MS.ALEENA JOJO, MRS.ALEENA MARIYADAS, MRS.ALEESHA BABY, DR.ALEX GEORGE, DR.ALFIE J KAVALAKAT, MRS.ALICE BABU, DR.ALKA BABY, MRS.ALPHONSA FRANCIS, DR.AMAL JACOB SEBASTIAN, MR.AMAL POULOSE, MRS.AMBIKA VELAYUDHAN, MRS.AMBILY V R, MS.AMRUTHA E S, MS.AMRUTHA SANTHOSH, MRS.AMY JOHN A, DR.ANAND M K, MRS.ANCY A P, MRS.ANCY ANTONY E, MRS.ANCY C D, SR.ANCY FRANCIS, SR.ANCY GEROGE FSSH, MRS.ANCY JOSE, MRS.ANCY JOSEPH, MRS.ANCY P O, MS.ANCY P T, MRS.ANCY RAPHAEL, MRS.ANCY T J, DR.ANEENA ANNIE MONCY, DR.ANEESH M K, MS.ANEESHA ANTONY, MRS.ANEESHA C A, DR.ANILKUMAR C R, DR.ANIRUDH NARAYANAN C, MRS.ANITHA, MRS.ANITHA ANTONY N (LINTO), MS.ANITHA B THATTIL, MRS.ANITHA FRANCIS, MS.ANITHA K Y, MRS.ANITHA P A, MRS.ANITHA P C, SR.ANITHA PAPPACHAN (SR NAVYA), MS.ANITHA POULOSE K, MRS.ANITHA R B, MRS.ANITHA ROY, MS.ANITTA ANNA ABRAHAM, MRS.ANJALI ANILKUMAR K, MS.ANJALI ANTONY, DR.ANJALI GEORGE, SR.ANJALY, MS.ANJALY T J, MS.ANJANA ARAVIND P, DR.ANJANA DAS, MS.ANJANA INASU, MRS.ANJANA V P, MRS.ANJITHA SURESH, MRS.ANJU A S, MRS.ANJU ABRAHAM, MRS.ANJU ANTONY, MS.ANJU BENNY, MS.ANJU DAVIS, MRS.ANJU POPPACHAN, MRS.ANJU V N, DR.ANKUR KAUSHIK, SR.ANN JULIA CMC, DR.ANN MARY SIMON, DR.ANN RESHMA RAJAN, DR.ANNU JAMES, MRS.ANSA THOMAS, DR.ANSTIN JOSE, MRS.ANSU JOSE, MR.ANTONY JACOB, MRS.ANU ANTONY M, MS.ANU CHALI, MRS.ANU CHALISSERY, MRS.ANU K SKARIA, MS.ANU KURIAN, MRS.ANU P O, MRS.ANU PAULSON, MRS.ANUMOL C A, MS.ANUMOL C C, MRS.ANUMOL JOHNY, MS.ANUMOL JOSEPH, MS.ANUMOL N P, DR.ANURAJ A, MS.ANUSHA A M, DR.APARNA A V, DR.APARNA CHANDRAMOHAN, MR.ARUN KUMAR V C, MS.ARYA V N, MRS.ASHA JOHN, MRS.ASHA K S, DR.SR.ASHA MATHEW, MS.ASHA P K, MS.ASHLY RAPHY, MRS.ASHMI ANTONY P, DR.ASWATH KUMAR R, MRS.ASWATHI P A, MS.ASWATHY C R, MS.ASWATHY KUMARAN, MRS.ASWATHY VISWANATHAN, MS.ATHEENA K BABY, MRS.ATHEENA M D, MRS.ATHIRA MARIA P M, MS.ATHIRA P P, DR.ATHIRA P R, MRS.ATHIRA P SASIDHARAN, MS.ATHIRA PAUL C, DR.ATHIRA SASIDHARAN, MRS.ATHIRA SUKUMARAN, MS.ATHIRAMOL V S, DR.ATHUL G K, MS.BABY POULOSE, MS.BABY POULOSE, MRS.BAISY JAMES, MR.BASIL MATHEW, MRS.BEENA M J, SR.BEENA O S F, DR.BEENA V B, MS.BEENA V I, MS.BELLA SEBASTIAN, MS.BENCY C V, MRS.BENCY P D, DR.BENITA MARY MATHEW, DR.SR.BENSY MATHEW, MRS.BESTY BABY, MS.BESTYMOL BABY, MS.BETSY DEVASSY, MRS.BHAGYALAKSHMI A K, MRS.BHAVYA VINCENT, MR.BIBIN PAUL, MRS.BIJI JOSEPH, MR.BIJO P JOHN, DR.BIJOY CHIRAYATH, MS.BILBY C P, MRS.BINCY BAIJU, MS.BINCY DAVID, MRS.BINCY K B, MRS.BINCY V M, MRS.BINCY WILSON, MRS.BINCYMOL K J, MRS.BINDHU K K, DR.SR.BINDU JOSEPH, MS.BINDU V, MS.BINI BABY, MRS.BINI BABY, MRS.BINI BABY, MRS.BINI T VARGHESE, DR.BINS M JOHN, MS.BINSHA JOHNY, MRS.BINU JOSEPH, MRS.BINUTTY P J, DR.BIVIN JOSEPH, MRS.BLESSY BABY, MRS.BLESSY M, MRS.BLESSY SEBASTIAN, MS.BLESSY VARGHESE, MRS.BLESSY VARGHESE, MRS.BRIGHTYMOL A R, DR.BRIJI S PANICKER, DR.BUENA R, DR.CATHERINE THAZHUTHAPURAM PAUL, MR.CHANDRAN, MRS.CHANDRIKA M A, MRS.CHANDRIKA M A, DR.CHERISH PAUL, MS.CHINJU JAMES, MS.CHINJU MATHEW, MRS.CHINJU P P, MS.CHINJUMOL JOSE, DR.CHINNA SHAJI, MS.CHINNU ROSE JOJU, MS.CHIPPY K S, MS.CHRISTY JOSE, MS.CINIMOL ANTONY, MRS.CIJYA BABU, MR.CYRIN C CHERIAN, MRS.DAISY, MRS.DAISY, MS.DALI K D, MRS.DANI JOHNSON, MR.DANISH DAVIS, DR.DAVID PUDUKADAN, DR.DAVIES C V, MRS.DAYANA DICRUZ, MRS.DAYANA THOMAS, MS.DEENA DAVIS, MRS.DEENAMOL S G, MS.DEEPA N M, MS.DEEPA V P, SR.DEEPA VARGHESE, MRS.DEEPA VARGHESE C V, DR.DEEPTHI THEKKETHIL, MRS.DEEPTHY DAVIS, MRS.DEEPTHY MARY JOHN, MRS.DEEPTHY VARGHESE, MS.DELNA DAVIS, MS.DELNA T D, MS.DEMY C DAVIS, DR.DENZIL BABY, MRS.DEVAYANI, MS.DEVIKRISHNA V S, SR.DHANNIA THERESE AUGUSTIN, MRS.DHANYA, MRS.DHANYA DAVIS P, DR.DHANYA DIVAKARAN, MRS.DHANYA JOSEPH, MRS.DHANYA MOHANAN, MRS.DHANYA PAUL, MS.DHANYA POULOSE, MRS.DHANYA THOMAS, MRS.DIANA E R, DR.DILBER PAREED KAITHAVALAPPIL, MS.DINCY DAVIS, MRS.DINCY SOBY, DR.DINEEP ARVIND, MR.DINESH P, MRS.DINI T D, MRS.DINSA P DAVIS, MS.DINU RAPHAEL M, DR.DIPIN DINESH I, MS.DISNII K D, MRS.DITTA RAPPAI, MRS.DIVYA C D, MS.DIVYA JACOB, MRS.DIVYA JOHN T, MRS.DIVYA M V, MRS.DIVYA T G, MRS.DIVYA V S, MS.DOLPHY JOSE, MS.DONAMOL FRANCIS, MR.EAPEN ALEXANDER, MR.ELDHOSE K BABY, MRS.ELISABETH BETSY BABY, DR.EMMANUEL BOBY, MS.ERLIN E A, MS.EVISHA ANTONY, MR.FEBI JOHNSON V, MRS.FELBY THOMAS, MS.FELJA N J, MRS.FEMI C F, MRS.FEMI E R, MS.FEMI FRANCIS, MRS.FEMI FRANCIS K, MRS.FEMI VINCENT, MS.FENY SCARIA, MS.FESSY FRANCIS, MRS.FIJI JOSEPH, MR.FIJO V R, MS.FILSYMOL JOY, MRS.FIMI P V, DR.FINIJA FRANCIS V, MS.FINIYA FRANCIS, MS.FINUMOL JOY, MS.FLEBY VARGHESE, MS.FRANCY K FRANCIS, DR.FRANCY LOUIS T, MS.FREEMA P K, MR.FRIJO K FRANCIS, MRS.FRINCY FRANCIS, MRS.FRINCY THOMAS, DR.GAYATHRI SREEKUMAR, MRS.GEETHA P R, MRS.GEETHA VELAYUDHAN, MRS.GEETHU C G, MRS.GEETHU CATHERINE, MR.GEO JOHNNY, DR.GEOMY G CHAKKALAKKUDY, MR.GEORGE M R, MR.GIGIMON K VARGHESE, MS.GIJI THANKACHAN M, MRS.GINCY K P, MS.GINU MARIA GEORGE, MS.GIPSY C P, MRS.GIRIJA C S, MRS.GIRIJA RAJMOHAN, MRS.GIRIJA SHAJU, MRS.GIRIJA THANKAPPAN, DR.GIRISH KUMAR K, MRS.GISSY GEORGE, MR.GLADSON T JOSEPH, MS.GLORIA SABU, MS.GLORY JOSEPH, DR.GOPIKA RAJAN, MRS.GRACE M J, MS.GREESHMA DAVIS, MS.GREESHMA DAVIS, MS.GREESHMA PAULY, DR.HAMBAL AHAMED, DR.HARIKRISHNAN C P, MRS.HARSHA JAMES K, MRS.HELMI VARGHESE, MR.HENCY T H, MS.HENNA FRANCIS, MRS.HENNA RAPHY, MRS.HIMA BABY, MRS.HIMA VARGHESE, MRS.HIMA VARGHESE, MRS.HINI V S, SR.HRUDYA, DR.IHSAN A T, MR.INASU C J, MS.INDU P M, SR.IRENE MARIA (BINCY T S), MS.IVYMOL ISSAC, DR.JAGADEES RAJ P, MRS.JAIMY JAMES, DR.JAIN K GEORGE, MR.JAIN M JOY, MRS.JAIN SIMPLE K J, MRS.JAINY THOMAS, MRS.JAISA JOSE, MRS.JANCY GEORGE, MRS.JANCY JOY C, MRS.JANCY K J, MRS.JANCY SIMON, MRS.JASMIN CHACKO, SR.JASMY JOSE, MR.JAYAN SWAMINATHAN, MRS.JAYASREE K G, MRS.JEEMOL JAMES, MRS.JEENA ANTONY, MS.JEENA JOYSON, MS.JEENA K P, MRS.JEENA K THOMAS, MRS.JEENA THOMAS, MRS.JEESE VINCENT, MS.JEESMA T J, MRS.JEETHU JOY, MS.JEKCY C P, MRS.JENCY, MRS.JENCY, MRS.JENCY JACOB, MRS.JENCY SHIJU, MR.JENSON JOSE, MRS.JENY C G, MRS.JENY THOMAS, DR.JERIL MATHEW, MR.JERIN SEBASTIAN, SR.JESHMA GRECY T T, MRS.JESMI JAMES, MRS.JESNA GEORGE P, MS.JESNA JOSEPH M, DR.JESSIN FRANCIS V, MRS.JESSIN VARGHESE, MRS.JESSY J KOLLANNUR, MRS.JESSY JOY, MS.JESTY THOMAS, MS.JIBI JOHNSON, MRS.JIBIMOL JACOB, MRS.JIBY THOMAS, MR.JIDHIN RAJ JOSE, MRS.JIJI E S, MRS.JIJITHA JOY, MR.JIJO JOSEPH, MRS.JIKSY GEORGE, MRS.JILLY P J, MRS.JILLYMOL N J, MS.JILSY JOY KIDANGAN, MRS.JILY GEORGE, MS.JINA JOHNY, MS.JINA THOMAS, MRS.JINCY A L, MS.JINCY C V, MRS.JINCY FRANCIS, MRS.JINCY FRANCIS, MRS.JINCY JACOB, MS.JINCY JACOB V, MS.JINCY JOHNY, MRS.JINCY JOSE, MRS.JINCY K P, MRS.JINCY M J, MS.JINCY M V, MRS.JINCY N J, MS.JINCY P G, MRS.JINCY P JOY, MRS.JINCY THOMAS, MRS.JINCY XAVIER, MRS.JINI BINOY, MRS.JINI JOY M, MRS.JINI JOY T, MS.JINI MATHEW, MRS.JINI VARGHESE, MRS.JINIMOL JOSEPH, DR.JINJO JOHN CHIRIYANKANDATH, MS.JINSI S T, MRS.JINU MATHEW, MRS.JIPSSY K A, MRS.JIPSY JOSE, MS.JISBI JAMES, MRS.JISHA, MS.JISHA A J, MRS.JISHA C J, SR.JISHA CSC, MS.JISHA JAMES, MRS.JISHA K J, MRS.JISHA SURESH, MS.JISHA SUSAN CHERIYAN, MR.JISHNU I M, MRS.JISMI JOSE, MRS.JISMI SAM, MRS.JISMOL JOY, MRS.JISMY JOHNSON, MRS.JISMY PAULOSE, MRS.JISNA C J, MRS.JISNA T J, MRS.JISSMOL O S, MS.JISY K UTHUPPU, MR.JITHEESH JOHNY, MR.JIXON JOSE, MRS.JIYA JOSE N, MR.JIYO JOY, MRS.JOBEENA JOY, MR.JOBI JOHN, MS.JOBINA JOSEPH, DR.JOE THOMAS K, MS.JOFY P J, DR.JOHN E V, DR.JOHN PAUL, DR.JOHN THOMAS P, MRS.JOHNSY JOSE, SR.JOHNSY N J, MRS.JOICY C V, MS.JOICY GEORGE, MRS.JOLLY T J, MS.JOMCY JOHNY, MR.JOMET K C, MS.JOMIS JOHN, MS.JOMIYA JOSEPH, MR.JOMON P Y, MRS.JOPHI JOHNSON, MRS.JOPHY C P, MRS.JOPHY M J, MRS.JOSEENA JOSEPH, DR.JOSEPH CHANDY, MR.JOSEPH JOHN, DR.JOSEPH SHAJU, MR.JOSEPH T V, MR.JOSHI K G, MRS.JOSHINI A J, MR.JOSHY T L, MR.JOSHY T M, MRS.JOSHYA GEORGE, MRS.JOSIYA JOSE, MRS.JOSMI M J, MRS.JOSMINI K J, MS.JOSMY C J, MRS.JOSMY JOSE, MR.JOSMY K J, MRS.JOSMY P J, MRS.JOSSY O J, MS.JOSSY P J, DR.JOSWIN K JOSE, DR.JOVITO CHACKO JAMES, DR.JOY JOSEPH, MRS.JUBY K KURIACHAN, MRS.JUHI M JOSEPH, MS.JULIE DAVIS, MS.JULY JOHNSON, MRS.JYOTHI YESUDAS, DR.JYOTHIS JOSE, MS.JYOTHIS P T, MS.JYOTHY M P, MRS.KAIRALI, MRS.KAIRALI, MRS.KALA P K, DR.KAMAL SONIYA, MRS.KAMALA SIVARAMAN, DR.KANJOOR DEEPTHI DAMODARAN NAIR, MRS.KARTHIKA K A, MS.KARTHIKA K G, MS.KAVITHA CHANDRASEKHARAN, MS.KAVITHA M, DR.KAVYA A, MRS.KENCY PAUL, DR.KESLEY ELSA KURIACHAN, DR.KESLEY ELSA KURIACHAN, DR.KEVIN REJI, MR.KISHOR P K, MRS.KITTY VARGHESE, MRS.KRIPA BABU, MRS.KRIPA JOY, MS.KRISHNA PRIYA C, DR.KRISHNA TEJA KANDULA, MRS.KUMARI RENJUSHA B P, MRS.KURUMBELIL BLESSY GEORGE, MS.LALITHAMBIKA V, MR.LANCE FRANK WILLIAM, MRS.LATHA RAMDAS, DR.LAVEENA BASIL CONSERA, MRS.LAZITHA V G, SR.LEEMA ROSE, MRS.LEENA ABRAHAM, MS.LEKHA C H, MRS.LEKSHMI MOHAN K, MRS.LENA K O, MRS.LENY VARGHESE V, MRS.LIBNI MARIAM PAUL, MRS.LIBY DEVASSY, MRS.LIBY MATHEW, MRS.LIGI T V, MS.LIJI A L, MRS.LIJI JEESON (P K), MRS.LIJI JOHNSON, MS.LIJI JOSEPH, MS.LIJI M VARGHESE, MRS.LIJI P JOSE, MRS.LIJI P P, MS.LIJI P R, MR.LIJO FRANCIS, MR.LIJO JOSEPH, MR.LIJO THARU, MS.LIMA K P, MRS.LIMA P R, MRS.LIMI LAZAR, MS.LIMIYA JOY, MRS.LIMNA C I, MRS.LINCY C V, MRS.LINCY KURIAKOSE, MRS.LINCY P J, MS.LINCY P P, MS.LINCY P S, MRS.LINCY T V, MRS.LINCY WILSON, MRS.LINDA MATHEWS, MRS.LINDA VARGHESE, MRS.LINI ANTONY, MRS.LINI K P, MRS.LINI M A, MR.LINO JACOB, MRS.LINSY P F, MRS.LINTA GEORGE, MR.LINTO T SKARIA, MRS.LIPSA PAUL, MS.LISA ANU PAUL, MRS.LISHA K BABU, MRS.LISMI K A, MRS.LISSA PAUL, SR.LISSY U M, MRS.LISY C P, SR.LITTY MARIA, MS.LITTY THOMAS, MRS.LIVIYA THATTIL, MS.LIYA C J, MS.LIYA JOY, MRS.LIYAMOL JACOB, MS.LIZA ABRAHAM, MRS.LIZMI ANTOO, MS.LONI A A, MRS.LORETTA LOUIS CHIRAYATH, MS.LOVELYMOL VARGHESE, MRS.MABLE JOSEPH, MRS.MAGGIE RAPHEAL, MRS.MAJI GEORGE, MRS.MALLIKA SUNDARAN, MRS.MANCY T FRANCIS, MS.MANEESHA K V, DR.MANESH CHACKO PHILIP, MS.MANJU DAVIS, MRS.MANJU K M, MRS.MANJU K M, MRS.MANJU RAJAN, MS.MANJU VETTATH, MRS.MANJULA, DR.MANOJ RAVI, MRS.MARIA ABRAHAM, DR.MARIAM KOSHI THOMAS, SR.MARIET, DR.MARIN PAULSON, MS.MARIYA DELLA V A, MRS.MARIYA JACXY, MS.MARIYA JOHNSON, MS.MARIYA JOSE, MRS.MARIYA PRINCY S, MRS.MARY BLESSY N J, MRS.MARY CHERIYAN, MR.MEBIN V B, MS.MEENU MATHEW, DR.MEERA PRASANNAKUMAR, MRS.MEERA RANI, MRS.MEGHA SUMESH, DR.MENON GIRISH SREEKUMAR, MRS.MERCY JOHN A, MRS.MERCY SHAJI, MRS.MEREENA WILSON, MS.MERIL ROSE P J, MRS.MERIN MATHEW, DR.MERLIN JOB MOOZHIL, MS.MERLIN PHILIPPOSE, MRS.MERLIN V G, MRS.MESMIN SUNNY, DR.MIDHUN MADHU, MRS.MIDHUSHA MATHEWS, MRS.MILVY VARGHESE, DR.MIMITHA A M, MRS.MINI, MRS.MINI, MRS.MINI K J, MRS.MINI K P, MS.MINI M K, MRS.MINI P M, MRS.MINI WILSON, MRS.MINNU ELIZABETH JOSE, MS.MINNUMOL BABY, MRS.MINTU ELIAS, MRS.MINUMOL BABY, DR.MOHAMED SHELIN P I, MRS.MOLLY BABU, MRS.MREDULA JOSEPH K, MR.MUHAMMED JAMAL K, DR.MUHAMMED SHAMIL H, MS.NAICY JOSE, MRS.NAIGY JOSE, MRS.NAINA A J, MRS.NALINI R, MRS.NALJO JOHNSON, MRS.NANDINI K, MR.NAPHEL E A, DR.NARAYANAN M, MRS.NAUSY PAUL, MR.NAVEEN DENNIS, DR.NAVEEN JOSEPH, MRS.NAVYA ANTO, MS.NAVYA M S, MRS.NAYANA PAUL P, MS.NEEMA C PAUL, MRS.NEENA JOSE, MS.NEENA JOSE, MRS.NEENA JOSE, MRS.NEENA KOSHY, MRS.NEENU DAVIS, MS.NEENU M D, MRS.NEENU P I, MS.NEENU PAUL, MRS.NEENU WILSON, MS.NEERAJA BABY, DR.NEETHA GEORGE, MS.NEETHA SUNNY, DR.NEETHI VALSAN, MRS.NEETHU A T, MS.NEETHU ELIAS, MS.NEETHU GEORGE, MRS.NEETHU GEORGE, MRS.NEETHU GEORGE, DR.NEETHU GEORGE, DR.NEETHU GEORGE, MRS.NEETHU GEORGE C, MRS.NEETHU GEORGE C, MRS.NEETHU GOPI, MRS.NEETHU JOHN, MS.NEETHU JOHN, MS.NEETHU JOSEPH, MRS.NEETHU M S, MRS.NEETHU PAUL, MRS.NEETHU PAUL, MRS.NEETHU SEBASTIAN, MRS.NEETHU T R, MRS.NEETHU THOMAS, MRS.NEETHU VIJAYAN, MRS.NEETHU VINESH, MRS.NEETHU VINESH, MRS.NEETHUMOL K T, MS.NEETHUMOL N J, DR.NEJITHA A, MS.NICY E J, MRS.NICY PAUL, MR.NIDHIN BABY, MRS.NIGI ANTONY, MS.NIGITHA JOY, MS.NIJI P JOHN, MR.NIJO C JOSE, DR.NIJO FRANCIS, MS.NIKHILA VARGHESE, MRS.NIKHITHA JOSE, DR.NIKITA THOMAS, DR.NIMA TERESA ANDREW, MRS.NIMIL JOSE, MS.NIMISHA GEORGE, SR.NIMISHA P A, MRS.NIMITHA BINU, MRS.NIMITHA JOY, MRS.NIMMY ABRAHAM, MRS.NIMMY JOSE, MS.NIMMY P BABU, MRS.NIMMY PAUL (JR), MRS.NIMMY T SUNNY, MRS.NIMMY THOMAS (SIJO), MRS.NIMY WILSON, MS.NINI SIMON, DR.NINU ROSE PAUL, DR.SR.NIRLLEENA (SR) C S C (SR LEENA THOMAS K), MRS.NISHA BABU, MRS.NISHA E G, MRS.NISHA JOSE, MS.NISHA K B, MRS.NISHA M S, MRS.NISHA V T, MS.NITHINA SUNNY, MR.NITHINMON SUNNY, MS.NIVYA K RAJAN, MRS.NIVYA M K, MRS.NIXY PAULSON, MRS.NOBY JOY (DELSON), MS.NOVA DENNY, MRS.OMANA SUNDARAN, MRS.OMANA SUNDARAN, MR.PAULSON T T, MRS.PEYOOSHA THANKACHAN, MRS.PHILOMINA T A, MRS.PINKY VARGHESE, MS.PINU SEBASTIAN, MR.POULOSE M Y, DR.POZHEKADAVIL SASIDHARAN ROHITH, MR.PRADEEP P VARGHESE, DR.PRADEOTH K M, MRS.PRAJEESHA FRANCIS E, MS.PRAJITHA C S, DR.PRANAV PRADEEP, MRS.PRANITHA M T, DR.PRASANNAKUMAR C K, MS.PRATHEESHA C S, MR.PRAVEEN P POULOSE, MR.PRAVEENA GOWDA, MS.PREEMA A M, MRS.PREETHI V V, MRS.PREETHY JACOB, MRS.PREETHY M C, MRS.PREETHYMOL FRANCIS, MRS.PREMI PETER, MS.PRESHNA V P, MR.PRINCE P POULOSE, MR.PRINCE R, MRS.PRINCY E J, MRS.PRINCY V F, MS.PRITTY PAUL, MRS.PRIYA, MRS.PRIYA ANTONY EMMATTY, MRS.PRIYA C S, MS.PRIYA GEORGE, MS.PRIYA JOY, MS.PRIYA M G, MS.PRIYA P PAULOSE, MRS.PRIYA R, MRS.PRIYA R, MRS.PRIYA SIMON, MRS.PRIYALATHA, MRS.PRIYANKA JOSEPH A, MRS.RADHIKA M C (SUNILKUMAR), MS.RAGI K R, DR.RAHUL SRINIVASAN, MRS.RAIMOL RAPHAEL, MRS.RAIN ISSAC, MRS.RAJAKALA K R, MRS.RAJEENA C R, MRS.RAJEENA K, MR.RAJEESH KUMAR, MR.RAJEEV P, DR.RAJEEV RAO M, MR.RAJESH K RAGHUVARAN, MR.RAJESH M P, MRS.RAKENDU A C, DR.RAKESH RAJAGOPAL, DR.RAMAKRISHNAN V R, MRS.RAMANI N K, DR.RAMESH KUMAR E, MRS.RANI TOM, MS.RANJINI K, MRS.RANJITHA, DR.RANJU RAJ, MR.RATHEESH R, MRS.RATHI N R, DR.RATI SANTHAKUMAR, MS.REEBA MATHAI, MRS.REEJA JOSEPH, MR.REEJAN K T, MS.REEMA E V, MRS.REEMA THOMAS, MRS.REGINA JOSE, SR.REGINA THAIKKADAN (LISSY T A), MS.REJI JOSE, MRS.REJY KATTUKARAN, MRS.RELLY T R, MS.REMYA K V, MRS.REMYA VARGHESE, MRS.REMYA VARGHESE (JR), MS.RENCY POULOSE K, MRS.RENI M R, MS.RENJINI C G, MR.RENJIT R, MRS.RENUKA P V, MRS.RENY M R, MS.RESHMA BABU, MRS.RESHMA JOY, MS.RESHMA K C, MS.RESHMA P A, MRS.RESHMA VARGHESE, MS.RESHMA VARGHESE, MRS.RESMY VARGHESE, MRS.RETTY SHIBU, DR.REVI T R, MRS.REXY C V, MRS.RIA P V, MS.RICEY RAPHAEL, MS.RICKSY R, MRS.RIGI K B, MRS.RIMA JOSE, MS.RINCY ANTONY, MS.RINCY N R, MRS.RINDY C A, MRS.RINI FRANCIS, MRS.RINI JOHNSON, MS.RINI JOY T, MRS.RINI K R, MRS.RINI M D, MRS.RINI RAPPAI, MS.RINSU ANNA KURIAKOSE, MRS.RINTU SCARIA, MRS.RINU PAULSON, MRS.RINY RAPHEL N, MRS.RITTY ROOBLE, MS.RIVINI WILSON M V, MS.RIYA RAPHEAL, MS.RIYA RAPHEAL N, MS.RIYA VINCENT, MRS.ROHINI K, DR.ROLLAND GODLY MENACHERY, MRS.ROMIYA ROY, MS.ROSA JAMES, MRS.ROSA P V, DR.ROSE XAVIER, MS.ROSEBIDHA PAULY, MRS.ROSEMARY DAVIS, MRS.ROSEMOL FRANCIS, MRS.ROSEMOL VARGHESE, MRS.ROSHNY K K, MS.ROSILY V C, SR.ROSINA CHOWALLUR, MRS.ROSMY JOY, MS.ROSMY K A, MS.ROXY REBY, MR.ROY, MS.RUGMANI K G, MS.RUGMANI K G, MR.SAJI T K, MRS.SAJITHA P S, MRS.SAJITHA P S, MRS.SAJITHA RAMESH, MS.SALI P S, MRS.SALINI, MRS.SALINI MATHEW, MRS.SALITHA SEBASTIAN, MRS.SALMA K V, MRS.SALY ALIAS, MRS.SALY ALIAS, MRS.SALY CHACKO, MR.SANDEEP S, MRS.SANDHYA LAZAR, MRS.SANDHYA P M, MRS.SANDHYA SIMON, MS.SANDRA JOY, MS.SANGEETHA K S, MRS.SANGEETHA SOMAN, MRS.SANI K R, MRS.SANISHA M S, MRS.SANITHA SUNNY, SR.SANITTA, MS.SANJANA FRANCIS, MRS.SANTHA C, MRS.SANTHA C, MRS.SANTHI P L, MR.SANTHOSH K G, MRS.SANTHY ALEX, MRS.SANTY V A, MRS.SANU AUGUSTINE, MRS.SANU SCARIA, MRS.SANYA V, DR.SARANNYA P SASIKUMAR, MS.SARANYA C, MRS.SARANYA P S, ... THY, DR.SAROJ SONI, MRS.SAROJINI, MR.SATHEESH KUMAR T, MS.SAVITHA JACOB, MRS.SAYANA SUNNY, DR.SEBASTIAN S VALIAVEEDAN, MS.SEENA DEVASSYKUTTY, MRS.SEENA P V, MRS.SEENA ... Y A, MRS.SEENA V D, MS.SEENI M P, MS.SEENU JOSE, MS.SEETHAL P L, MRS.SELMA SIMON, MRS.SELMI K A, MRS.SELVARANI M S, DR.SELVIN THOMAS, MRS.SEMI SHAJU, MS.SERIN JO... MRS.SHAIBY C J, MRS.SHAILA JANARDANAN, MRS.SHAJITHA M, MRS.SHALI JOSEPH B, MR.SHALIB P E, MRS.SHALU PAUL, MRS.SHANA P P, MS.SHANI GEORGE, MS.SHANTY ANTU N, ... A THEKKEMPULLI, MRS.SHEEJA, MRS.SHEEJA BIJO, MRS.SHEEJA KUNJUMON, MS.SHEEJA M RAPPAI, MRS.SHEELA K L, MRS.SHEELA KOCHUNNI, MRS.SHEELA RAVI, MS.SHEENA S PILLAI, ... HERIN ANTONY, MRS.SHERIN DENNY, MS.SHERIN JOSE, MRS.SHERIN JOSE, MRS.SHERIN MARIA P B, MRS.SHERLY A R, MRS.SHIBI MATHEW, MR.SHIBU SCARIA, MRS.SHIBY ... MRS.SHIJI P V, MS.SHIJI THOMAS A, MRS.SHIJIMOL J, MR.SHIJU SCARIA, MRS.SHILJI JOY, MRS.SHILNA PAULSON, MRS.SHILY JOHNY, MRS.SHIMA C L, MS.SHIMCY SIMON, MRS.SHIMITHA ... A JAMES, MRS.SHINCY JOSE, MRS.SHINTU JOSEPH, MRS.SHINY BIJU, MRS.SHINY JOSE, MRS.SHINY POULOSE, MRS.SHINY SHAJU, MRS.SHOBA L, MRS.SHOBY BABU, DR.SHOBAN ... (AUGUSTI... YMOL P ANTONY, MRS.SHYNA BERNARD, MRS.SHYNI M A, MRS.SIBI PAUL, MRS.SIBIL SUNIL (SEBASTIAN), MRS.SIBU JOSEPH, MRS.SIGI GEORGE, MRS.SIJI A O, MRS.SIJI C P, MS.SIJI GEORGE, ... SSO K J, MRS.SILINI JOSE, MRS.SILJI K J, MS.SILPA K T, SR.SILPY PORATHUR, MRS.SIMI A J (JOSEPH), SR.SIMI C D, MRS.SIMI CHACKO, MRS.SIMI FRANCIS, MS.SIMI K SABU, MRS.SIMI T L, MRS.SIMI T T, MRS.SIMI VARGHESE, MRS.SIMMI T S, MR.SIMSON THOMAS, SR.SINCY ALBERT, MRS.SINCY C O, MRS.SINCY MOL K V, MRS.SINDHU, MS.SINDHU M S, MRS.SINDHU P V, MRS.SINDHU SUSAN, MRS.SINDU K S, MRS.SINI ANTONY V, MRS.SINI K M, MRS.SINI K P, MRS.SINI KURIAKOSE, MRS.SINI M MATHEW, MRS.SINI P ..., MRS.SINI POULOSE, MRS.SINI ROY, MRS.SINI V P, MRS.SINI V S, MRS.SINJA JAMES, MRS.SINTA ANTONY, MS.SINTA S, MRS.SIVYA WILSON, DR.SMITHA THOMAS, MRS.SNEHA GRACE ABRAHAM, MRS.SNEHA JOSE, MRS.SNEHA LEON, MRS.SNEHA P B, MRS.SNEHA P T, MRS.SNEHA PAUL, MRS.SOBHA R, MS.SOJA JOHNSON, MRS.SOLLY VARGHESE, MS.SOMY PAUL, MRS.SONA ANTO, MS.SONA JAMES, MRS.SONI DAVIS, MS.SONI ISSAC, MRS.SONIA P, MRS.SONIA BABU, MRS.SONIYA ANTONY K, MRS.SONIYA C J, MRS.SONIYA MOL M G, MS.SONIYA P V, MRS.SONIYA T THOMAS, MRS.SONY JOY, MS.SOPHIA ANTONY, SR.SOPHIA C R, MRS.SOPHIA SEBASTIAN, MRS.SOPHIA SOLOMON, SR.SOPHY (BILCY TOM), MRS.SOUJATH K, MRS.SOUMYA B KRISHNAN, MS.SOUMYA C U, MRS.SOUMYA JOSE, MRS.SOUMYA P L T, MRS.SOUMYA THOMAS, MRS.SOWBHAGYA ANTONY A, MRS.SOWMIA K P, MRS.SOWMYA BABU, MRS.SOWMYA JOY, MRS.SOWMYA RAJESH, MRS.SOWMYA SUNNY, MRS.SOWMYA U M, SR.SOYA ROSE JOSE, MRS.SREE RAJ V, MRS.SREEDEVI J, MRS.SREEDEVI N G, MRS.SREEJA C, MRS.SREEJA CHANDRAN, MRS.SREEJA KRISHNAN, MRS.SREEJA P R, DR.SREEKUMAR PILLAI, MRS.SREEKUTTY SIVAN, DR.SREELAKSHMI ARUN T, MS.SREELAKSHMI T R, DR.SREENIVAS SHENOY, MRS.SREERANJINI K S, MS.SREEREKHA JAYAPRAKASH (P R), MS.SREETHU SREENIVASAN, MS.SRUTHI S, MRS.SRUTHI T S, MRS.STAICY K PAUL, SR.STANCE ABRAHAM, MRS.STEENA ANTO, MS.STEFFY JOLLY, MRS.STEFI VARGHESE, MRS.STEMY PAUL, MRS.STEMY WILSON, MRS.STEPHY K V, MRS.STESSY B, DR.STEVE PAUL MANJALY, MRS.STIMY VINCENT V, MS.SUBITHA LAWRANCE, MR.SUBRAMANIAN, DR.SUDHA MURALIDHARAN, DR.SUGATHA PRAKASH, MS.SUJA R, MRS.SUJATHA, MRS.SUJATHA P, MRS.SUJITH PAUL, MRS.SULEKHA A V, MRS.SUMA JOSE, MRS.SUMA JOSEPH, DR.SUMESH MATHEW, MRS.SUMI JOSE K, MRS.SUMI M S, MRS.SUMI P J, MRS.SUMITHA C S, MRS.SUNCY SUNNY, MRS.SUNITHA DHASARADHAN, MRS.SUNITHA ..., MRS.SUNITHA T K, MRS.SUNU P R, DR.SUPRIYA ADIYODI, MRS.SUREKHA P T, MS.SURYA K M, MRS.SURYAMOL V S, MRS.SUSY U J (GEORGE), MS.SWATHI K S, MR.SWEETY DINO ..., MS.SWEETY SARA SOLOMON, MS.SWETHA K V, MRS.SYAMALA SIVADASAN, MRS.SYAMALA P K, MRS.SYAMILY VARGHESE, MS.SYBY BABU, MR.TA... ... O THOMAS, MRS.THAMARAYOOR SMITHA ANTONY, MRS.THAVLIN BABY, DR.THOMAS ANTONY KANICHAI, DR.THOMAS MOHAN, MS.TILSHA WILSON, MRS.TINCY THOMAS, MS.TINI C L, MS.TINI T S, MRS.TINTU THOMAS, MS.TINTU VARGHESE, MRS.TINU SUNNY, MRS.TINU THOMAS, MR.TOBY PAUL, MRS.TREESA DEVASSY, MRS.TREESA RINI JACOB, MS.TUNA VARGHESE, MRS.TYCY MATHEW (BINU), DR.UNNIKRISHNAN T S, SR.USHA PUTHUR, DR.USHA SHENOY, MRS.VANDHANA K M, MRS.VANITHA K K, MS.VARNA K V, MRS.VARSHA ANTONY, DR.VARSHA MATHEWS, MRS.VARSHA P V, MRS.VARSHA VARGHESE N, MR.VARUN SEBASTIAN, DR.VARUN VASUDEVAN, MRS.VEENA C V, DR.VEENA VISWAMBHARAN, MRS.VIBITHA WILSON, MRS.VIDYA M S, MRS.VIDYA P B, DR.VIGIL RAJ ZACHARIAH, MR.VIJESH T M, MRS.VIJI SANTHOSH, MRS.VIJINA WILSON, MS.VIJISHA V NAIR, MRS.VIJITHA M V, MRS.VILCY VARGHESE, DR.VINAYA RAMESH, SR.VINCY, MS.VINCY P V, MS.VINCY P V, MRS.VINCY P V, MS.VINCY THOMAS P, MRS.VINCY VARGHESE (LIJO), MRS.VINEESHA WILSON, MRS.VINEETHA K K, MRS.VINITHA VIJAYAN, MS.VINNY VARGHESE K, DR.VINOD BABU E, MRS.VIPEESHA WILSON, MS.VISMAYA N V, MR.WILLIAM A A

# SALUTING COVID WARRIORS

JUBILEE MISSION MEDICAL COLLEGE
SERVICE WITH LOVE

# Jubilet

Jubilee Mission Medical College & Research Institute - Since 1951 Vol.7 Issue: 4 April 2021

# പൂർത്തീകരണത്തിനായുള്ളൊരവസരം

കോവിഡ്-19 മഹാമാരി ലോകത്തെമ്പാടുമുള്ള ആരോഗ്യ സംവിധാനങ്ങളെ പരീക്ഷിച്ചുകൊണ്ട് അതിന്റെ സംഹാരതാണ്ഡവം നടത്തുന്നതിനിടയിലാണ് ഏപ്രിൽ 7ലെ ലോകാരോഗ്യദിനം എന്നത് തികച്ചും യാദൃശ്ചികമാണ്.

മെഡിക്കൽ വിദ്യഭ്യാസ ആരോഗ്യപാലന മേഖല രംഗത്തുള്ള എല്ലാവർക്കും അവർ സ്വായത്തമാക്കിയ സൈദ്ധാന്തിക വിദ്യഭ്യാസത്തിനപ്പുറം സഹജീവികളുടെ രോഗാവസ്ഥയിൽ ആത്മാർത്ഥമായി ഇടപ്പെട്ടുകൊണ്ട് തനിക്കു ലഭിച്ച പ്രായോഗിക പരിശീലനം അതിന്റെ പൂർണ്ണ അർത്ഥത്തിൽ വിനിയോഗിക്കുവാനുള്ള അവസരവും ഉത്തരവാദിത്വവും നമുക്കു മുന്നിലൊരുക്കുന്നു.

ഡോക്ടർമാർ, നേഴ്സുമാർ എന്നിവരുൾപ്പെടെയുള്ള ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരും തന്നെ മനസാക്ഷിക്കുതകും വിധം ആത്മാർത്ഥതയോടെ സമർപ്പണമനോഭാവത്തോടെ സഹജീവികളുടെ ആരോഗ്യപരിപാലനത്തിനായി പ്രാഥമിക പരിഗണന നൽകി തങ്ങളിലർപ്പിച്ചിട്ടുള്ള വിശ്വാസം കാത്തുസൂക്ഷിക്കേണ്ടതും കാലത്തിനു മുന്നിൽ നമ്മൾ നിർവഹിക്കേണ്ട നമ്മുടെ കടമയെന്നതിനുമുപരി നമ്മുടെ തന്നെ പ്രൊഫഷണൽ ജീവിതത്തിന്റെ പൂർത്തീകരണത്തിനുള്ള ഒരു അവസരവുമാണ്.

മറ്റേതു രംഗത്തേക്കാളുമുപരി ആരോഗ്യപാലനരംഗം അതിന്റെ കാര്യക്ഷമതയും മറ്റു വെല്ലുവിളികളും പരീക്ഷിക്കപ്പെടുന്ന അസാധാരണമായൊരു കാലഘട്ടത്തിലൂടെ കടന്നുപോകുമ്പോൾ, ആത്മാർത്ഥതയോടെയും അർപ്പണമനോഭാവത്തോടെയും സമൂഹത്തിന്റെ മുന്നിൽ നിസ്വാർത്ഥ സേവനത്തിന്റെ നേർസാക്ഷികളാകുവാൻ ഈ ലോകാരോഗ്യദിനത്തിൽ നമുക്കു സാധിക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ടും കോവിഡ് മഹാമാരിക്കിടയിൽ പ്രത്യേകിച്ച് ലോകമെമ്പാടുമുള്ള ആരോഗ്യരംഗത്തു പ്രവർത്തിക്കുന്ന എല്ലാവർക്കും ആദരവുകൾ അർപ്പിക്കുന്നു...

**റവ. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
**ഡയറക്ടർ**



# സുരക്ഷിതമായ മാതൃത്വദിനാചരണം ജൂബിലിയിൽ

ഡോ. സെറീന ഗിൽവാസിന്റെ നേതൃത്വത്തിൽ OBG വകുപ്പിലെ ഫാക്കൽറ്റി അംഗങ്ങൾ 2021 ഏപ്രിൽ 10 ന് Safe Motherhood Day ആചരിച്ചു. ആന്റിനേറ്റൽ കെയറിന്റെ ആവശ്യകതയെക്കുറിച്ചും കുടുംബ ആസൂത്രണത്തോടൊപ്പം പ്രസവാനന്തര പരിചരണത്തിന് ഊന്നൽ നൽകേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചും സ്ത്രീകളെ ബോധവൽക്കരിക്കുകയുംചെയ്തു. സുരക്ഷിതമായ മാതൃത്വത്തിന്റെ ആറ് തൂണുകളായ ആന്റിനേറ്റൽ കെയർ, ഒബ്സ്റ്റട്രിക് കെയർ, പ്രസവാനന്തര പരിചരണം, കുടുംബാസൂത്രണം, ഗർഭച്ഛിദ്രത്തിനു ശേഷമുള്ള പരിചരണം, STD / HIV നിയന്ത്രണം എന്നിവയെക്കുറിച്ച് OBG കൺസൾട്ടന്റ് ഡോ. ലോല രാമചന്ദ്രൻ ഒരു ഹ്രസ്വ പ്രസംഗം നടത്തി. പ്രാഥമിക ആരോഗ്യ പരിരക്ഷ, സ്ത്രീകൾക്ക് തുല്യത, വിദ്യാഭ്യാസം, സുരക്ഷിതമായ മാതൃത്വ ലക്ഷ്യങ്ങളുടെ ഭാഗമായ പെരുമാറ്റ വ്യതിയാനത്തെ സംബന്ധിച്ച ആശയവിനിമയം എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ചും, ഊന്നിപ്പറഞ്ഞു.







ജൂബിലി മിഷൻ മെഡിക്കൽ കോളജിലെ MBBS വിദ്യാർത്ഥികൾ 'Safe Motherhood' എന്ന വിഷയത്തെ ആസ്പദമാക്കി തയ്യാറാക്കിയ ചാർട്ടുകളെക്കുറിച്ചുള്ള ഹ്രസ്വ ചർച്ച നടത്തുകയും രോഗികളുടെ ചോദ്യങ്ങൾ പരിഹരിക്കുന്നതിനും ആന്റിനേറ്റൽ കെയറിന്റെ പ്രാധാന്യം മനസ്സിലാക്കാൻ സഹായിക്കുന്നതിനുമായി ഡോ. മിറിയം ടീനയും ഡോ. ദീപ്തി നായരും ചേർന്ന് ഒരു ആന്റിനേറ്റൽ ക്ലാസും നടത്തി.

# ലോക ഹീമോഫീലിയദിനാചരണം

ലോക ഹീമോഫീലിയ ദിനത്തോടനുബന്ധിച്ചു ഒരു അവബോധ സമ്മേളനം കുന്നംകുളം ഹീമോഫീലിയ സൊസൈറ്റിയുടെയും, ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ട്രാൻസ്ഫ്യൂഷൻമെഡിസിൻ വിഭാഗത്തിന്റെയും ആഭിമുഖ്യത്തിൽ ഏപ്രിൽ 17ന് രാവിലെ 10.30ന് സംഘടിപ്പിച്ചു. ട്രാൻസ് ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. അബൂബക്കർ മുഹമ്മദ്റാഫി ഹീമോഫീലിയയെയും മറ്റു ബ്ലീഡിങ് ഡിസോർഡറുകളെയും കുറിച്ച് വിശദമായ വെർച്ചൽ അവബോധ ക്ലാസ് ആയി നടത്തി.




കേരളത്തിലുടനീളമുള്ള ഹീമോഫീലിയ രോഗികൾക്കായി പ്രവർത്തിക്കുന്ന ഹീമോഫിലിയ സൊസൈറ്റിയുടെ കുന്നംകുളം ചാപ്റ്റർ ജനറൽ സെക്രട്ടറി ശ്രീ. ഇ. രഘുനന്ദനൻ, സെക്രട്ടറി ഡോ. പി. എം. ഫിറോസ്, പ്രസിഡന്റ് പ്രൊഫ. എൻ. എൻ. ഗോകുൽ ദാസ്, ശ്രീ എ. സി. മുഹമ്മദ് ഷെഫീഖ്, ശ്രീ. ബാഗീഷ് എസ്. ബി., ജൂബിലി മിഷനിലെ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ മേധാവി ഡോ. സുശീല ജേക്കബ് ഇന്നാ, മുതലായവർ പരിപാടിയിൽ സംസാരിച്ചു. വെർച്ചൽ ആയി സംഘടിപ്പിച്ച മീറ്റിംഗിൽ നിരവധി ഡോക്ടർമാരും ഹീമോഫീലിയ രോഗികളും ആരോഗ്യ പ്രവർത്തകരും പങ്കെടുത്തു.



# BACKBONE : A New Cutting Edge Hospital Management System by AOSTA, Launched on First April 2021



കമ്പ്യൂട്ടറൈസ്ഡ് ഫിസിഷ്യൻ ഓർഡർ എൻട്രി (CPOE) സിസ്റ്റങ്ങൾ, ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡുകൾ (EHR), റേഡിയോളജി, കാർഡിയോളജി, ഫാർമസി, ലബോറട്ടറി സിസ്റ്റങ്ങൾ, ERP, എന്നിവയുൾപ്പെടെ പൂർണ്ണമായും കമ്പ്യൂട്ടറൈസ്ഡ് പ്രവർത്തനങ്ങളിലേക്ക് നീങ്ങുന്നു. ജൂബിലി മിഷൻ ആശുപത്രിയുടെ രോഗീപരിചരണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിർവഹിക്കാൻ സഹായിക്കുന്ന 22ൽ അധികം മൊഡ്യൂളുകളുള്ള ഒരു രോഗി കേന്ദ്രീകൃത ആപ്ലിക്കേഷനാണ് ബാക്ക്ബോൺ ഹോസ്പിറ്റൽ മാനേജ്മെന്റ് സിസ്റ്റം.



കരുത്തുറ്റ EMRനോട് കൂടിയ ഒരു browser അധിഷ്ഠിത ആപ്ലിക്കേഷൻ ആയതിനാൽ, രോഗികൾ, മാനേജ്മെന്റ്, ഡോക്ടർമാർ, ഹെൽത്ത് കെയർ സ്റ്റാഫ് തുടങ്ങിയവർക്ക്, അവരുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ വിവരങ്ങൾ ലോകത്തെവിടെ നിന്നും തന്നെ ഉപയോഗിക്കുവാൻ കഴിയും.

ക്ലൗഡ് & മൊബൈലുകളിൽ ഉപയോഗിക്കാവുന്നതും, വിൻഡോസ് & ഓപ്പൺ സോഴ്സ് പ്ലാറ്റ്ഫോമിൽ ലഭ്യമായതിനാലും, EHPAA & HL7നു അനുസൃതമായതിനാലും, NABH മാനദണ്ഡങ്ങൾ പാലിക്കുന്നതിനാലും രോഗി പരിചരണം ഉന്നത നിലവാരത്തിലെത്തിക്കുവാൻ ബാക്ക്ബോൺ ജൂബിലി മിഷൻ ആശുപത്രിയെ പ്രാപ്തമാക്കുന്നു.

# ടെലി കൺസൽട്ടേഷൻ ജൂബിലിയിൽ




COVID19 പ്രതിസന്ധി ഘട്ടത്തിൽ ഡോക്ടർമാരുമായി നേരിട്ടുള്ള കൺസൽട്ടേഷൻ ബുദ്ധിമുട്ടേറിയ സാഹചര്യത്തിൽ വീഡിയോ കൺസൽട്ടേഷൻ ഒരുക്കി രോഗിപരിചരണത്തിനുള്ള സുസ്ഥിര പരിഹാര മാർഗവുമായി ജൂബിലി മിഷൻ ആശുപത്രി മുന്നോട്ട്. രാവിലെ 10 മുതൽ 4 വരെ ലഭ്യമാകുന്ന ഈ സേവനത്തിനായി ജൂബിലി മിഷൻ വെബ്സൈറ്റിലോ (www.jmmcri.org) താഴെ കാണുന്ന നമ്പറിലോ ഓൺലൈൻ ബുക്കിങ് ചെയ്യാവുന്നതാണ്.

**Ph: 7994724568**



ഡോ. ഗിൽവാസ് പി. സി., ഡോ. ഗോവിന്ദൻ ഉണ്ണി ടി, ഡോ. അശോക് നൈനാൻ, ഡോ. ബിൻസ് എം ജോൺ, ഡോ. സ്റ്റീവ് പോൾ മഞ്ഞളി, ഡോ. ഹരികൃഷ്ണൻ ബി. എൽ., ഡോ. മേനോൻ ഗിരീഷ് കുമാർ, ഡോ. റോസ് ബാബു തുടങ്ങി ജൂബിലി മിഷൻ ഹോസ്പിറ്റലിലെ എല്ലാ വിഭാഗങ്ങളിലെയും ഡോക്ടർമാരെ കൺസൽട്ടേഷന് വേണ്ടി ലഭ്യമാണ്.

## സൗജന്യ കോവിഡ് ടെലികൺസൽട്ടേഷൻ

ജൂബിലി മിഷൻ ആശുപത്രിയിൽ എല്ലാ ദിവസവും രാവിലെ 9 മുതൽ വൈകീട്ട് 4 വരെ സൗജന്യ കോവിഡ് ടെലി കൺസൽട്ടേഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക.

**Ph: 8590015782, 0487246484**

# അഭിനന്ദനങ്ങൾ





Indian Society of Blood Transfusion and Immunohaematologyയുടെ 45-ാം ദേശീയ വാർഷിക കോൺഫറൻസിനോടനുബന്ധിച്ചു (TRANSCON 2020) നടന്ന ക്ലിനിക്കൽ ട്രാൻസ്ഫ്യൂഷൻ പ്രാക്ടിസിൽ, പോസ്റ്റർ പ്രസന്റേഷനിൽ ഒന്നാം സ്ഥാനവും ഓറൽ പേപ്പർ പ്രസന്റേഷനിൽ മൂന്നാം സ്ഥാനവും നേടിയ ജൂബിലിമിഷൻ മെഡിക്കൽ കോളേജിലെ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗം ബിരുദാനന്തരബിരുദ വിദ്യാർത്ഥികളായ ഡോ. ശ്രീ രാജ് വി. ക്കും ഡോ. അരുൺ വി. ജെ. ക്കും അഭിനന്ദനങ്ങൾ.

## ജേർണൽ ക്ലബ്ബ്: ജൂബിലിയിൽ നിന്ന് 27 ഗവേഷണ പ്രസിദ്ധീകരണങ്ങൾ

കോവിഡ്-19 ന്റെ ഭയാശങ്കകളും അസൗകര്യങ്ങളും മനുഷ്യനന്മക്കായി മാറ്റിയെടുക്കാമെന്നതിന്റെ തെളിവാണ് ഇക്കാലയളവിൽ ജൂബിലിയിൽ നിന്നുള്ള 27 ഗവേഷണ പ്രസിദ്ധീകരണങ്ങൾ. ദേശീയവും അന്തർ ദേശീയവുമായ ജേർണലുകളിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങളെ പ്രതിപാദി ച്ചായിരുന്നു 51-ാമത് ജേർണൽ ക്ലബ് യോഗം മാർച്ച് മാസത്തിൽ ഗവേഷണ വിഭാഗം സംഘടിപ്പിച്ചത്.

കോവിഡിനെ പ്രതിരോധിക്കാനുള്ള മുന്നൊരുക്കങ്ങളെ സംബന്ധിച്ചുള്ള പത്തു പ്രബന്ധങ്ങളും ഫലപ്രദമായ ഇടപെടലുകളും ബന്ധപ്പെട്ട പഠനങ്ങളെ സംബന്ധിച്ചുള്ള പത്തോളം പ്രബന്ധങ്ങളും. കോവിഡ് മനുഷ്യരാശിക്കേൽപ്പിച്ച ആഘാതം വിലയിരുത്തുന്നതുമായി ബന്ധപ്പെട്ട മറ്റു ഏഴ് പ്രബന്ധങ്ങളുമാണ് അവതരിക്കപ്പെട്ടത്. എല്ലാ ലേഖന ങ്ങളുടേയും സംക്ഷിപ്ത രൂപം റിസർച്ച് കോർഡിനേറ്റർ, ഡോ. പി. ആർ. വർഗ്ഗീസ് മദർ തെരേസ ഹാളിൽ മാർച്ച് 24ന് നടന്ന യോഗത്തിൽ അവതരിപ്പിച്ചു.

# ഓട്ടിസം ബോധവത്കരണദിനം

കാറ്റത്ത് ഇളകി തറയിൽ വീണു പോയ റോസാ പ്പൂവിതളുകൾ പോലെയാണ് ഓട്ടിസം ബാധിച്ച വ്യക്തിയുടേയും മനസ്സ്. എല്ലാ വർഷവും ഏപ്രിൽ 2ന് ലോക ഓട്ടിസം അവബോധന ദിനമായി ആചരിക്കാൻ ഐക്യരാഷ്ട്ര സഭ 2007 ഡിസംബറിൽ പ്രമേയം പാസാക്കി. ഈ രോഗാവസ്ഥയെ കുറിച്ചുള്ള അവബോധം ലോക ജനതയ്ക്ക് നൽകുക എന്നതാണ് ഇതിന്റെ ലക്ഷ്യം. മുൻ വർഷങ്ങളിൽ ആയിരത്തിൽ ഒരാൾക്കാണ് ഓട്ടിസം ബാധിച്ചിരുന്നതെങ്കിൽ ഇന്ന് അത് നാൽപ്പതിൽ ഒരാൾ എന്ന നിലയിലേക്ക് എത്തിയിരിക്കുന്നു.

സാമൂഹിക ഇടപെടൽ, ആശയവിനിമയം, ആവർത്തിച്ചുള്ള പെരുമാറ്റം തുടങ്ങിയ മേഖലകളിൽ 3 വയസിന് മുമ്പ് പ്രകടമാകുന്ന അസാധാരണമോ, ദുർബലമോ ആയ വികസനത്തിന്റെ സാന്നിധ്യം ആണ് ഓട്ടിസം.

**ഓട്ടിസത്തിന്റെ പൊതുവായ ലക്ഷണങ്ങൾ :**

- സംസാരിച്ചു തുടങ്ങാൻ വൈകുക.
- മാതാപിതാക്കളോടുള്ള വൈകാരിക അടുപ്പം കുറവായിരിക്കും.
- കുറച്ചു മാത്രം സംസാരിക്കുക.
- മനുഷ്യരോടുള്ളതിനേക്കാൾ കുടുതൽ അടുപ്പം ജീവനില്ലാത്ത വസ്തുക്കളോട്, പ്രത്യേകിച്ച് കളിപ്പാട്ടങ്ങളോട് കാണിക്കുക.
- സംസാരിക്കുമ്പോൾ മറ്റുള്ളവരുടെ മുഖത്തോ, കണ്ണുകളിലോ നോക്കാതിരിക്കുക.




- ഭാവപ്രകടനങ്ങൾ സാധാരണമല്ലാതിരിക്കുക.
- ഒറ്റയ്ക്ക് ഇരിക്കാൻ താത്പര്യമുണ്ടാവുക.
- ചില ചേഷ്ടകൾ ആവർത്തിച്ചു കാണിക്കുന്ന പ്രവണത.
- ഒരേ വാക്കുകൾ നിരന്തരം പറയുക.
- മറ്റുള്ളവർ പറയുന്നത് മനസ്സിലാക്കാനുള്ള ബുദ്ധിമുട്ട്.
- പ്രത്യേകിച്ച് അർത്ഥമൊന്നുമില്ലാത്ത ചില ചലനങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുക.

- അപ്രധാന കാര്യങ്ങളോട് അമിത താത്പര്യം കാണിക്കുക.

ഇത്തരത്തിലുള്ളവരുടെ ജീവിതചുറ്റുപാടിൽ മാറ്റം വരുത്താൻ ശ്രമിക്കുന്നത് സ്വഭാവപ്രശ്നങ്ങൾക്ക് വഴിയൊരുക്കുകയും ഇത്തരക്കാർ സൗഹൃദങ്ങൾ ഉണ്ടാക്കുന്നതിൽ പരാജിതരുമാവുകയും ചെയ്യാം.







ഗർഭാവസ്ഥയിൽ കുഞ്ഞിന്റെ തലച്ചോറിലുണ്ടാകുന്ന കേടുപാടുകൾ, ജീനിലോ ക്രോമസോമിലോ ഉണ്ടാകുന്ന കുഴപ്പങ്ങൾ, ഗർഭവേളയിൽ സോഡിയം വാൽപ്രോവേറ്റ് എന്ന മരുന്നെടുക്കുന്നവർക്ക് ജനിക്കുന്ന കുട്ടികളിൽ ഓട്ടിസം അമിതമായി കണ്ടുവരുന്നുണ്ട്. കീടനാശിനികൾ അമിതമായി ഉപയോഗിക്കുന്ന പ്രദേശങ്ങളിൽ ഓട്ടിസം കൂടുതലാണെന്ന് നിരീക്ഷണങ്ങളുണ്ട്. അച്ഛന് അമ്പതോ അമ്മയ്ക്ക് മുപ്പതോ വയസ്സു കഴിഞ്ഞുണ്ടാകുന്ന കുട്ടികളിൽ ഓട്ടിസം കൂടുതലായി കാണുന്നുണ്ട്. ഈ രോഗാവസ്ഥയ്ക്കൊപ്പം കാണാവുന്ന മറ്റ് പ്രശ്നങ്ങളാണ് ബുദ്ധി മാന്ദ്യം, അറ്റെൻഷൻ ഡെഫിസിറ്റ്, ഹൈപ്പർ ആക്റ്റിവിറ്റി ഡിസോഡർ (ADHD), ശാരീരിക വൈകല്യങ്ങൾ എന്നിവ.

ഓട്ടിസം എന്ന രോഗാവസ്ഥയുടെ ചികിത്സാസാധ്യതകളിൽ മനശാസ്ത്രജ്ഞന്റെ പങ്ക് വളരെ വലുതാണ്. സ്വഭാവരൂപീകരണമാണ് സൈക്കോതെറാപ്പിയിലൂടെ മനഃശാസ്ത്രജ്ഞർ പ്രധാനമായും ലക്ഷ്യമാക്കുന്നത്.

**സി. ടിന എസ് കെ ഡി**
**അസിസ്റ്റന്റ് പ്രൊഫസർ, ക്ലിനിക്കൽ സൈക്കോളജി**

# ജൂബിലി മിഷൻ ആശുപത്രിയിൽ രോഗിയുടെ കണ്ണിൽ നിന്നും ജീവനുള്ള വിരയെ പുറത്തെടുത്തു

ജൂബിലി മിഷൻ ആശുപത്രി കാഷ്വാലിറ്റിയിൽ നിന്നും 2021 മാർച്ച് 28ന് ഒരു രോഗിയുടെ കണ്ണിൽ നിന്നും ജീവനുള്ള വിരയെ പുറത്തെടുത്തു. കണ്ണിൽ അസഹനീയമായ ചൊറിച്ചിലും അസ്വസ്ഥതയും അനുഭവപ്പെട്ടതിനെ തുടർന്ന് കാഷ്വാലിറ്റിയിൽ എത്തിയ 74 വയസ്സുള്ള ആളുടെ കണ്ണിൽ ആണ് വിരയെകണ്ടെത്തിയത്. നമ്മുടെ നാട്ടിൽ അത്ര സാധാരണയായി കാണപ്പെടാത്ത ഒരു സംഭവമാണ് ഇത്.

കണ്ണിന്റെ വെളുത്ത പുറംതോട് പാളികൾക്കിടയിൽ ആയിരുന്നു വെളുത്ത നിറത്തിൽ നൂല് പോലെയുള്ള ഈ വിര ഉണ്ടായിരുന്നത്. നേത്ര ഗോളത്തിന് പുറം ഭിത്തിയിൽ മാത്രമായിരുന്നു എന്നതിനാൽതന്നെ കാഴ്ചയെ ബാധിക്കാതെ വിരയെ പുറത്തെടുക്കാൻ സാധിച്ചു. തുള്ളിമരുന്ന് ഒഴിച്ച് കണ്ണ് മരവിപ്പിച്ചതിനു ശേഷം കണ്ണിന്റെ വെള്ളയിൽ ചെറിയൊരു ദ്വാരം ഉണ്ടാക്കിയാണ് ജീവനുള്ള വിരയെ പുറത്തെടുത്തത്. അഞ്ചര സെന്റീമീറ്റർ നീളം ഉണ്ടായിരുന്നു. കണ്ണിനുള്ളിൽ വേറെ വിരകൾ ഉണ്ടോ എന്നറിയാൻ പരിശോധനകളും നടത്തി. വിരയെ പുറത്തെടുത്ത ശേഷം ഒരു ദിവസത്തിനകം രോഗലക്ഷണങ്ങൾ പൂർണമായും മാറുകയും ചെയ്തു. രോഗിയുടെ ശരീരഭാഗങ്ങളിൽ മറ്റെവിടെയെങ്കിലും





വിര ഉണ്ടാവാൻ സാധ്യതയുള്ളതിനാൽ അതിനെതിരായ മരുന്നുകൾ ആരംഭിക്കാൻ വേണ്ടി മെഡിസിൻ വിഭാഗത്തിലെ ഡോക്ടറുടെ സഹായം തേടുകയും വേണ്ടമരുന്നുകൾ ആരംഭിക്കുകയും ചെയ്തു. തുടർന്ന് വിരയെ തിരിച്ചറിയാനായി മൈക്രോ ബയോളജി ലാബിലേക്ക് അയക്കുകയും ഡൈറോഫൈലേറിയ എന്ന വിഭാഗത്തിൽ പെട്ട ഇനം വിര ആണെന്ന് കണ്ടെത്തുകയും ചെയ്തു.

## എന്താണ് ഡൈറൊ ഫൈലേറിയാസിസ് ?

മനുഷ്യരിൽ അധികം കാണാത്ത ഡൈറോ ഫൈലേറിയ എന്ന ഇനത്തിൽ പെട്ടതാണ് ഈ ഇനം വിര. സാധാരണയായി നായ്ക്കൾ, പൂച്ചകൾ എന്നിവയിലാണ് ഇവ കാണപ്പെടുക. വളരെ അപൂർവമായി മനുഷ്യരെയും ഇത് പിടികൂടാറുണ്ട്.

## എങ്ങനെയാണ് ഈ വിരശല്യം പകരുന്നത്?

നായ്ക്കളിൽ നിന്ന് കൊതുകു വഴിയാണ് ഇത് സാധാരണ പടരുന്നത്. നായ്ക്കളുടെ ശരീരത്തിൽ പ്രത്യുൽപാദനം ചെയ്യുന്ന ഈ വിരകളുടെ ചെറിയ ഇനം വിരയാണ് കൊതുക് കുത്തുന്നത് വഴി കൊതുകിന്റെ ശരീരത്തിലേക്ക് കയറുന്നത്. കൊതുകുകൾ വഴി തന്നെ ഇത് മറ്റു നായ്ക്കളിലേക്കും പകരുന്നു. മനുഷ്യരെ അപൂർവ്വമായി മാത്രമേ ബാധിക്കാറുള്ളൂ. കൊതുകിന്റെ ശരീരത്തിൽ വളർച്ചയുടെ രണ്ട് ഘട്ടങ്ങൾ പൂർത്തിയാക്കുന്ന ഡൈറൊ ഫൈലേറിയ, കൊതുക്, മനുഷ്യ നെ കുത്തുന്നത് വഴി മനുഷ്യശരീരത്തിൽ പ്രവേശിക്കുന്നു. തുടർന്ന് വളർച്ചയുടെ മൂന്നാംഘട്ടം മനുഷ്യശരീരത്തിൽ പൂർത്തിയാക്കുന്നു. ഒരുതവണ കൊതുക് കുത്തിയാൽ തന്നെ




ശരീരത്തിലെ വിവിധ ഭാഗങ്ങളിൽ വിര ഉണ്ടാവാൻ സാധ്യതയുണ്ട്. മനുഷ്യശരീരത്തിൽ ത്വക്ക്, ശ്വാസകോശം, കണ്ണ് എന്നിവിടങ്ങളിലാണ് കാണപ്പെടാൻ സാധ്യത ഉള്ളത്. ശ്വാസകോശത്തെ ആണ് കൂടുതലായി ബാധിക്കാറുള്ളത്. ചുമ, കഫക്കെട്ട്, നേരിയ പനി എന്നിവ മാത്രമാണ് ലക്ഷണങ്ങൾ.

## ഇത് ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് പകരുമോ?

ഇല്ല. മനുഷ്യരെ അപൂർവമായി മാത്രം ബാധിക്കാറുള്ള ഈ വിര ഒരു മനുഷ്യനിൽ നിന്ന് വേറെ മനുഷ്യനിലേക്ക് പകരില്ല. പക്ഷേ ഒരു മനുഷ്യശരീരത്തിൽ തന്നെ പലയിടങ്ങളിലായി കാണപ്പെടാം. കൊതുകു വഴി നായ്ക്കളിൽ നിന്നും മനുഷ്യനിലേക്ക് അപൂർവമായി പടരാം എന്നേയുള്ളൂ. നായകളുടെ ഉമിനീരോ, കടിയോ, അടുത്തുള്ള സമ്പർക്കമോ വഴി ഇത് പകരാറില്ല.

**Dirofilariasis**

## രോഗം എങ്ങനെ കണ്ടുപിടിക്കാം?

വിര ബാധിക്കുന്ന ശരീരഭാഗം അനുസരിച്ച് ലക്ഷണങ്ങളും വ്യത്യാസപ്പെടാം. ശ്വാസകോശത്തെ ബാധിക്കുന്നത് ആണെങ്കിൽ ചുമ, നേരിയ പനി മുതലായ ചെറിയ ലക്ഷണങ്ങൾ മാത്രമേ കാണപ്പെടുന്നുള്ളൂ. ത്വക്കിനെ ബാധിക്കുന്നതാണെങ്കിൽ ശരീരത്തിൽ ചെറിയ ചൊറി പോലുള്ള പാടുകൾ കാണപ്പെടാം. കണ്ണിലും തലച്ചോറിനകത്തും ഇവയെ കണ്ടെത്താം. രക്തപരിശോധന മൂലം ഇത് കണ്ടുപിടിക്കാൻ പ്രയാസമാണ്. ദേഹത്ത് കാണുന്ന പാടുകൾ പരിശോധിക്കുക അല്ലെങ്കിൽ വിരയെ കാണു കയാണെങ്കിൽ പുറത്തെടുക്കുക എന്നത് മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. രോഗിയുടെ ലക്ഷണങ്ങൾ അനുസരിച്ച് കൂടുതൽ പരിശോധനകളോ നെഞ്ചിന്റെ എക്സ്റേയോ തലയുടെ സ്കാനോ ആവശ്യം വന്നേക്കാം. വിര ശല്യത്തിന് കൊടുക്കുന്ന മരുന്നുകളും കൊടുക്കേണ്ടി വന്നേക്കാം. വിര കാണപ്പെടുന്ന ഭാഗത്ത് നിന്ന് അതിനെ പുറത്തെടുക്കുക എന്നതാണ് ചികിത്സ, തുടർന്ന് വിരശല്യത്തിന് മരുന്നുകളും കഴിക്കേണ്ടിവരും.

## എങ്ങനെ പ്രതിരോധിക്കാം?

മലേറിയ, മന്തുരോഗം മുതലായവ പരത്തുന്ന കൊതുകുകൾ തന്നെയാണ് ഇതും പരത്തുന്നത്. അതുകൊണ്ട് തന്നെ കൊതുകുശല്യം കൂടുതലായി കാണപ്പെടുന്ന സ്ഥലങ്ങളിൽ വെള്ളം തങ്ങി നിൽക്കാതെ സൂക്ഷിക്കുക, കൊതുകുവലകൾ ഉപയോഗിക്കുക, കൊതുകിനെ പ്രതിരോധിക്കുന്ന ക്രീമുകൾ ദേഹത്തു പുരട്ടുക, വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനു പുറമെ, വ്യക്തിശുചിത്വവും കാത്തു സൂക്ഷിക്കുക, എന്നിവയാണ് ഫലപ്രദമായി ചെയ്യാൻ സാധിക്കുന്നത്.

**ഡോ.ആൻഡ്രൂസ് സി വി ,മെഡിക്കൽ സൂപ്രണ്ട്,HOD**

**ഡോ.ആൻ രേഷ്മ രാജൻ, റസിഡന്റ് MS**

**ഒഫ്താൽമോളജി**

# അഭിനന്ദങ്ങൾ

റാസ്പുട്ടിൻ ചലഞ്ചിനോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് 'RASPUTIN DANCE IN PPE' ഡാൻസ് അവതരിപ്പിക്കുകയും Youtubeൽ 1.4M+ views നേടുകയും ചെയ്ത ജൂബിലി മിഷൻ മെഡിക്കൽകോളേജിലെ ഹൗസ് സർജൻസ് ആയ ഡോ. അർജുൻ കെ രാജ്, ഡോ. ശ്രീലക്ഷ്മി അജിത്, എഡിറ്റിംഗ് ചെയ്തു വീഡിയോ മനോഹരമാക്കിയ ഡോ. ജ്യോതിസ് ജോസ്, കൂടാതെ അണിയറയിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ. വീഡിയോ കാണുന്നതിനായുള്ള QR കോഡ്:



Dr. Arjun K Raj | Dr. Srilakshmi Ajith | Dr. Jyothis Jose

# Welcome to Jubilee Family

| | |
|---|---|
| Dr.Toby J Kakkassery | Emergency Medicine |
| Dr.Balu B | Emergency Medicine |
| Dr.Davis Tom Pulikottil | Emergency Medicine |
| Dr.Joyal Jose | Emergency Medicine |
| Dr.Lynn Samuel George | Emergency Medicine |
| Dr.Neenu Jojy Panattil | Emergency Medicine |
| Dr.Mary Mathews | MCAnatomy |
| Dr.Janet Joy | Geriatrics |
| Dr.Rahul Srinivasan | Neurosurgery |
| Dr.Teny Attokkaran | Community Medicine |
| Dr.Anna Kiran Joy | Obstetrics & Gynaecology |
| Dr.Sr.Anupama George | Obstetrics & Gynaecology |
| Dr.Shilpa Dineshkumar | Vascular Surgery |
| Dr.Jithin Joy | Pulmonology |
| Mr.Nibin Pauly | IT |
| Mr.Gabriyal P D | Maintenance |
| Ms.Ditty Martin | Neonatology |
| Ms.Anu Raju | Radiology |
| Mr.Gokul G Nair | Vascular Surgery |
| Ms.Mini P V | Canteen |
| Ms.Anjana A B | Central Laboratory |




**Staff Nurses:**

Ms.Aleena Mariyadas
Ms.Ancy Antony E
Ms.Anu Chali
Ms.Ashly Raphy
Ms.Beaula Babu
Ms.Betcy Philip
Ms.Betsy Devassy
Ms.Delna T D
Ms.Diana E R
Ms.Gloria Sabu
Ms.Jeena K Thomas
Ms.Jincy Joseph
Ms.Jini Varghese
Ms.Manju Davis
Ms.Midhusha Mathews
Ms.Neethu A T
Ms.Nixy Paulson
Ms.Princy E J
Ms.Reshma P A
Ms.Reshma Shaju T
Ms.Rima Jose
Ms.Romiya Roy
Ms.Sini V S
Ms.Sojiya Johnson
Ms.Soniya C J
Ms.Syamily Varghese
Ms.Tinu Sunny
Sr.Johnsy N J (Trainee)

**Pharmacists**

Ms. Amala Devassy
Ms. Anju Jose
Ms. Gifty P V
Ms. Gloria Johnson
Ms. Jisna Joseph
Ms. Oshin Paul
Ms. Silpa George
Ms. Sneha Angel Joy

# മാസ്ക് ഇട്ട് നോമ്പുകാലം

പുണ്യങ്ങളുടെ പൂക്കാലം ആയി ക്രിസ്ത്യാനികൾ കാണുന്ന നാളുകൾ ആണ് വലിയ നോമ്പുകാലം. യേശുവിന്റെ മനുഷ്യാവതാര രഹസ്യങ്ങളെ പ്രത്യേകിച്ച് അവിടുത്തെ പീഢാനുഭവത്തെയും മരണത്തെയും മഹത്വപൂർണമായ ഉത്ഥാനത്തെയും ഓർത്ത്, നെറ്റിയിൽ ചാരം പൂശി, അനുതാപത്തോടെ നോമ്പ് എടുത്ത് പ്രാർത്ഥനയോടെ നീങ്ങുന്ന അമ്പത് ദിവസങ്ങൾ. സഭയിൽ ഏറ്റവും അധികം പ്രാർത്ഥനകൾ ഉയരുന്ന ദിനങ്ങൾ. അതുകൊണ്ട് ഇത് പുണ്യങ്ങൾ പൂക്കുന്ന കാലമാണ്. 2021ലെ ഏപ്രിൽ മാസം പിറന്ന് വീണത് അമ്പതു നോമ്പിന്റെ സമാപനദിനങ്ങളായ വലിയ ആഴ്ച്ചയിലാണ്. ഓശാന ഗീതികളിൽ ആരംഭിച്ച് ഉത്ഥാനത്തിന്റെ പൊൻപുലരിയിൽ എത്തി നിൽക്കുന്ന എട്ട് ദിവസങ്ങൾ.



ഓശാന – ഏകദേശം രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് യേശുവിന്റെ ജെറുസലേമിലേയ്ക്കുള്ള രാജകീയപ്രവേശനമാണ് ഓശാന തിരുനാളിന്റെ ഓർമ്മ. അന്ന് കഴുതയുടെ പുറത്ത് യേശുവിനെ ഇരുത്തി അവന്റെ ശിഷ്യഗണം ജെറുസലേമിലേയ്ക്ക് അവനെ ആനയിച്ചു. ജനങ്ങളാകട്ടെ വസ്ത്രങ്ങൾ വഴിയിൽ വിരിച്ചും, ഒലിവിലചില്ലകൾ കയ്യിലേന്തിയും ഓശാനപാടി യേശുവിനെ സ്വീകരിച്ചു.

പെസഹ – കടന്നുപോകൽ എന്നർത്ഥമുള്ള ഈ ഹീബ്രൂ പദം ഈജിപ്തിൽ നിന്ന് ഇസ്രായേൽക്കാർ

വാഗ്ദാനഭൂമിയിലേയ്ക്കുള്ള യാത്രയുടെ തലേദിവസം ആഘോഷിച്ച തിരുനാളിന്റെ ഓർമ്മ നമ്മിൽ ഉണർത്തുന്നു. ആ ഓർമ്മ ആഘോഷിക്കുന്ന പെസഹാതിരുനാളിൽ തന്നെ യാണ് ഈശോ സെഹിയോൻ മാളികയിൽ വിനയത്തിന്റെ മാതൃകയായി ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി സ്നേഹ ത്തിന്റെ അടയാളമായ പരിശുദ്ധ കുർബാന സ്ഥാപിച്ചത്.

ദു:ഖവെള്ളി – മനുഷ്യകുലത്തിന്റെ രക്ഷയ്ക്കായി ഈശോ കുരിശിൽ തറയ്ക്കപ്പെട്ട് മരിച്ച ദിവസം. അവന്റെ പിളർക്കപ്പെട്ട പാർശ്വത്തിൽ നിന്ന് ഒഴുകിയ രക്തവും വെള്ളവും നമുക്ക് ഇന്നും വറ്റാത്ത കരുണയുടെ ഉറവയാണ്.

ദു:ഖശനി – യേശുവിന്റെ ഉത്ഥാനത്തിന് കാത്തിരുന്ന പരി ശുദ്ധ അമ്മയേയും ശിഷ്യമാരെയും ഓർത്ത് സഭയും കാത്തി രിക്കുന്നു മാമ്മോദീസയുടെ ശുദ്ധി പുതുക്കിക്കൊണ്ട്.




ഈസ്റ്റർ – തിരുനാളുകളുടെ തിരുനാളാണ് ഉത്ഥാനതിരു നാൾ. എല്ലാം തീർന്നു എന്ന് വിചാരിക്കുന്നിടത്ത് നിന്ന്, പ്രതീക്ഷകൾ അസ്തമിച്ചു എന്ന് മനുഷ്യൻ കരുതുന്നിടത്ത് ദൈവത്തിന്റെ യഥാർത്ഥസമയം ആരംഭിക്കുന്നു എന്ന് ഓതി യേശു മരിച്ചവരിൽ നിന്ന് ഉത്ഥാനം ചെയ്ത ദിവസം.

ഈ കോവിഡ് മഹാമാരിയിൽ പ്രത്യാശയുടെ ഈസ്റ്റർ നമ്മിൽ പ്രത്യാശയുടെ കിരണങ്ങൾ പ്രകാശം പരത്തട്ടെ.

**റവ. ഫാ. പോൾ കള്ളിക്കാടൻ**
**സ്പിരിച്വൽ ഫാദർ**

# ശരീരത്തിന്റെ തൂണുകൾ

ആരോഗ്യസംരക്ഷണത്തിന് ആയുർവേദാചാര്യന്മാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള ബ്രഹ്മചര്യം എന്ന തൂണിനെപ്പറ്റി നമുക്കിന്ന് വിചിന്തനം ചെയ്യാം.

***ബ്രഹ്മചര്യം***

ശരീരത്തിന്റെ തൂണുകളിൽ മൂന്നാമത്തെതായ ബ്രഹ്മചര്യം എന്നതിന്റെ പ്രാധാന്യം എന്താണെന്ന് നമുക്ക് മനസ്സിലാക്കാം. പ്രാചീനകാലത്ത് ജീവിതകാലത്തെ, നാല് ഘട്ടങ്ങളായി വിഭജനം നടത്തിയിരുന്നു. ബ്രഹ്മചര്യം, ഗൃഹസ്ഥാശ്രമം, വാനപ്രസ്ഥം, സന്യാസം. അറിവ് സമ്പാദിച്ച്, ജോലി കിട്ടാനുള്ള പരിശീലന കാലയളവാണ് ബ്രഹ്മചര്യം, അത് വിദ്യാർത്ഥി ജീവിത കാലഘട്ടം കൂടിയാണ്.

വിവാഹം കഴിച്ച് ഭാര്യാപുത്രാദികളോടൊപ്പം കഴിയുന്ന വനെ ഗൃഹസ്ഥനെന്നും, ലൗകീകങ്ങളായ എല്ലാ കടമകളും നിർവ്വഹിച്ച് സ്വപുത്രനെ കുടുംബം ഏല്പിച്ച് പ്രത്യേകിച്ച് ഒരു ചുമതലകളും ഇല്ലാതെ, തന്റെ ജീവിതത്തിൽ നേടിയ വിജ്ഞാനത്തെ വ്യാപകമായി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ജീവിതമാണ് വാനപ്രസ്ഥാശ്രമം.

അതിനുശേഷം ലോകത്തിന് തന്നെക്കൊണ്ട് ഒരു തരത്തി ലുള്ള ആവശ്യവുമില്ലെന്നും, തനിക്ക് അനുഷ്ഠിക്കാൻ ഒരു രീതിയിലുമുള്ള കടമകളും ഇല്ലെന്ന് വരുമ്പോൾ നൈസർ ഗ്ഗീകമായും സ്വീകരിക്കപ്പെടുന്ന ജീവിതരീതിയാണ് സന്യാസം.

ഈ വിഷയത്തിൽ കൂടുതൽ ഒന്നും ആലോചിക്കാതെ ലൈംഗീക ജീവിതത്തെ തടയൽ എന്ന രീതിയിൽ ബ്രഹ്മചര്യം എന്ന വാക്ക് ഉപയോഗിക്കപ്പെട്ടിരിക്കുന്നു. ലൈംഗിക ജീവിത ത്തിനുള്ള അംഗീകാരം വിവാഹം കൊണ്ടാണ് സിദ്ധിക്കുന്നത്. വിദ്യഭ്യാസം നേടിയതിനുശേഷം ആരുടേയും ആശ്രയമില്ലാതെ ഒരു കുടുംബത്തെ പരിപാലിക്കുന്നതിനായി ഒരു ജോലിയിൽ പ്രവേശിക്കുന്നു. അപ്പോഴേക്കും യൗവ്വനം പൂർത്തിയായി ലൈംഗികമായ ജീവിതത്തിനുള്ള കഴിവും ശരീരം പ്രാപ്തമായിരിക്കും.

യൗവ്വനം പൂർത്തിയാകുന്നതിന് മുമ്പ് ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നത് ആരോഗ്യത്തിന് ദോഷകരമാണ്. അകാരണത്താൽ മനസ്സിനും, ഗ്രഹിക്കാനുള്ള ശക്തിക്കും തളർച്ച ബാധിക്കുന്നു. യൗവ്വനം പൂർത്തിയായി. വാർദ്ധക്യം തുടങ്ങുന്നതോടുകൂടി ലൈംഗീകശേഷി കുറയുന്നു.

വർദ്ധക്യമെന്നാൽ നാഡികൾക്കും നൈസർഗ്ഗികമായി നാശം സംഭവിച്ചു തുടങ്ങുന്ന സമയമാണ്. ആ സമയത്തുള്ള ലൈംഗീക പ്രവർത്തനം വർദ്ധിച്ച തോതിൽ നാഡീഭയത്തിന് ഹേതുവാകും. യൗവ്വനത്തിന് മുമ്പും, യൗവ്വനത്തിന്റെ

അന്ത്യത്തിലും സംഭോഗത്തെ നിയന്ത്രിക്കുന്ന രീതിയിലുള്ള ബ്രഹ്മചര്യം മനുഷ്യമനസ്സിന്റേയും, ബുദ്ധിയുടേയും, ഉടലിന്റേയും ആരോഗ്യത്തിന് അത്യന്താപേക്ഷിതമാണ്. വിവാഹാനന്തരം യൗവ്വനത്തിൽ ബ്രഹ്മചര്യത്തിന് നിർബന്ധമില്ലാതായിത്തീരുന്നു. എന്നാൽ അപ്പോഴും അനിയന്ത്രിതമായ അബ്രഹ്മചര്യം ആർക്കുംതന്നെ അനുവദിക്കപ്പെട്ടിട്ടില്ല. ഗൃഹസ്ഥന്റെ ലൈംഗികജീവിതത്തെ അബ്രഹ്മചര്യം എന്ന് പറയുന്നു. ആ തരത്തിലായാൽ അബ്രഹ്മചര്യം ആരോഗ്യത്തിന് ദോഷകരമാകുന്നില്ല. ലൈംഗികമായ ആഗ്രഹം നൈസർഗ്ഗികമായാൽ, ആ ആഗ്രഹത്തെ ഉടലിന്റെയും മനസ്സിന്റെയും ആരോഗ്യത്തിന് സഹായിക്കുന്ന വിധത്തിൽ ഉപയോഗപ്പെടുത്താം എന്ന് ആയുർവ്വേദത്തിൽ വളരെ വിശദമായിതന്നെ പറയപ്പെട്ടിട്ടുണ്ട്.

വിധിക്കുതക്കവണ്ണം, ആചാരത്തിനിണങ്ങും വിധം, സംയോഗത്തിൽ ഏർപ്പെടുകയാണ് ഗൃഹസ്ഥന്റെ ബ്രഹ്മചര്യം. അങ്ങനെയുള്ള ബ്രഹ്മചര്യം സ്മൃതി, മേധ, ആയുസ്സ്, ആരോഗ്യം, പുഷ്ടി, ഇന്ദ്രിയബലം, ദേഹബലം എന്നിവ വർദ്ധിപ്പിക്കുകയും വർദ്ധക്യബാധ സാവധാനത്തിലാക്കുകയും ചെയ്യുന്നു. നൈഷ്ഠികമായ ബ്രഹ്മചര്യം അനുഷ്ഠിക്കുന്ന സംയതാത്മാവിന് ശുക്ലം ഓജസ്സായി പരിണമിച്ച് സർവ്വശരീരവ്യാപിയായി, ദേഹത്തെ അനുഗ്രഹിക്കുന്നു.

അനേകവിധത്തിൽ ഉള്ള ലൈംഗീക രോഗങ്ങൾ ഉണ്ടാകാതിരിക്കാൻ പരസ്ത്രീഗമനം, പരപുരുഷഗമനം തുടങ്ങിയ കാര്യങ്ങൾ നടത്താതിരിക്കണം. ലൈംഗീകമായ സദാചാരത്തെ ലംഘനം ചെയ്യുന്നതുകൊണ്ടുമാണ് വൈറസ് ബാധിതരായി എയ്ഡ്സ് എന്ന മാരകമായരോഗം രാജ്യത്തുടനീളം പടർന്നുപിടിച്ചിരുന്നത് നമുക്ക് അറിയാമല്ലോ. അതിനാൽ ഈ വിഷയത്തിന് കാരണമായി ഭവിക്കുന്ന മനസ്സിനെയും ഇന്ദ്രിയങ്ങളെയും നിയന്ത്രിക്കുക എന്നത് അത്യന്താപേക്ഷിതമാണ്.

ധന്യമായ നമ്മുടെ സംസ്ക്കാരം കാത്തുസൂക്ഷിച്ചുകൊണ്ട് നമുക്ക് ജീവിക്കാം. രോഗത്തെ പ്രതിരോധിക്കാം. അകാല വാർദ്ധക്യത്തെ തടയാം. ഓജസ്സിനാൽ നിത്യയൗവ്വനം കാത്തു സൂക്ഷിക്കാം.

**Ref : അഷ്ടാംഗ ആയുർവേദ സംഹിത**

**സി.നിർലീന**

**കൺസൾട്ടന്റ്, ജൂബിലി ആയുർവേദ**

Editorial Board
Rev. Fr. Dr. Demin Tharayil | Dr. Benny Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Justin C J | Mr. Baby P A | Ms. Rakhi K B
Ms. Chippy K S | Ms. Mariya Tony | Ms. Ambily Ulahannan | Mr. Joshi Paul

Service with Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Bishop Alapatt Road, Jubilee Mission P.O., Thrissur, Kerala – 680 005
Ph: +91487 2432200 | jm@jmmc.ac.in | www.jmmcri.org